"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ശ്രീ.ജോസഫ് വിളങ്ങാടൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)35619/2022 നമ്പർ കേസിലെ 11.06.2025 ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.169/2026/RD തീയതി,തിരുവനന്തപുരം, 04-04-2026

---

പരാമർശം:-

1. ശ്രീ. ജോസഫ് വിളങ്ങാടനു വേണ്ടി Adv. K.T.Thomas, Peter & Karunakar Lawyers, I.S' Press Road, Kochi-18 സർക്കാരിൽ സമർപ്പിച്ച 18.06.2022 ലെ വക്കീൽ നോട്ടീസ്(Ext P9).
2. ശ്രീ. ജോസഫ് വിളങ്ങാടൻ ഫയൽ ചെയ്ത WP(C) 35619/2022 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 11.06.2025 ലെ വിധിന്യായം.
3. എറണാകുളം ജില്ലാ കളക്ടറുടെ 02.09.2025 ലെ DCEKM/7148/2022-B3 നമ്പർ കത്ത്.
4. ശ്രീ. ജോസഫ് വിളങ്ങാടൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത Contempt Case(C) 1024/2026 നമ്പർ കേസ്.
5. അഡ്വ.ജനറൽ ആഫീസിലെ ഗവ.പ്ലീഡറുടെ 01.04.2026ലെ Contempt Case(C)No. 1024/2026 in WP(C) No. 35619/2022 നമ്പർ കത്ത്.

**ഉത്തരവ്**

M/s. ഓൺലൈൻ സിസ്റ്റംസ് ആൻഡ് സർവീസസ് എന്ന സ്ഥാപനത്തിന്റെ വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ടി സ്ഥാപനത്തിന്റെ ഉടമസ്ഥരിൽ ഒരാളായ ശ്രീ. ഷൈജു ആന്റണിയുടെ പേരിൽ എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ നടമ വില്ലേജിൽ മുൻ സർവ്വേ 1410/2 റീസർവ്വേ 330/2 ൽപ്പെട്ട 04.72 ആർ ഭൂമി ലേലം ചെയ്യുകയും ടി വസ്തു 60,03,000/- രൂപയ്ക്ക് ലെഫ്റ്റനന്റ് കമാൻഡർ ജോസഫ് വിളങ്ങാടൻ എന്നവർ ലേലം കൊള്ളുകയും 04.08.2017ൽ Fort Kochi RDO വിൽപന സ്ഥിരീകരിച്ച് സെയിൽ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

2) എന്നാൽ ലേലം കൊണ്ട വസ്തുവിൽ കുറവ് വന്നിട്ടുണ്ടെന്നും കുറവ് വന്ന വസ്തുവിന്റെ വില തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. ജോസഫ് വിളങ്ങാടനു വേണ്ടി ടിയാന്റെ അഭിഭാഷകൻ പരാമർശം (1) പ്രകാരം സർക്കാരിന് വക്കീൽ നോട്ടീസ് അയച്ചിരുന്നു. കൂടാതെ, ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ടിയാൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C) 35619/2022 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിലെ പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ, എതിർ കക്ഷിയായ എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം, അപേക്ഷകനെ നേരിൽകേട്ട്, മൂന്ന് മാസത്തിനകം ഇതുസംബന്ധിച്ച് നിയമാനുസൃതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകി.

3) ബഹു. ഹൈക്കോടതിയുടെ പ്രസ്തുത വിധിന്യായ പ്രകാരം അപേക്ഷകന് വേണ്ടി ടിയാന്റെ പിതാവിനെയും, റവന്യു ഉദ്യോഗസ്ഥരെയും 30.07.2025 ൽ സർക്കാർ നേരിൽ കേട്ടു. കേരള റവന്യൂ റിക്കവറി നിയമം, 1968 പ്രകാരം ലേലം കൊണ്ട സ്ഥലത്തിന്റെ കൈവശാവകാശം കൈമാറി നൽകിയിട്ടില്ലാത്തതിനാൽ, അപേക്ഷകൻ, ബഹു. ഹൈക്കോടതിയിൽ WP(C) 23300/2021 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതിയുടെ 11.02.2022ലെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം നടമ വില്ലേജ് ഓഫീസർ പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി, അപേക്ഷകന് കൈമാറിയിരുന്നെങ്കിലും അപേക്ഷകൻ ലേലത്തിൽ വാങ്ങിയ 4.72 ആർസ് സ്ഥലത്തിനു പകരം 3.894 ആർസ് ഭൂമി മാത്രമേ അപേക്ഷകന് നൽകിയിരുന്നുള്ളുവെന്നും, അപേക്ഷകൻ 4.72 ആർസ് ഭൂമിക്കാണ് വില നൽകിയത് എന്നതിനാൽ അധികമായി നൽകിയ ലേലത്തുകയും, 9% പലിശയും ഉൾപ്പെടെ തിരികെ നൽകണമെന്നാണ് അപേക്ഷകന്റെ ആവശ്യം.

4) കുടിശ്ശിക സ്ഥാപനമായ M/s. ഓൺലൈൻ സിസ്റ്റംസ് ആന്റ് സർവ്വീസസ് സ്ഥാപനത്തിന്റെ ഉടമകളിലൊരാളായ ശ്രീ. ഷൈജു ആന്റണി പേരിൽ തൃപ്പൂണിത്തുറ സബ് രജിസ്ട്രാർ ഓഫീസിലെ 1200/99 നമ്പർ ഭാഗാധാരപ്രകാരം "എ" പട്ടികയായി 05.54 ആർസ് സ്ഥലം (13.700 സെന്റ്) രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും എന്നാൽ ടി വിസ്തീർണ്ണത്തിൽ 01.045 സെന്റ് വഴി സ്ഥലവും 18 ലിങ്ക്സ് വിതിയുള്ള മറ്റൊരു വഴി സ്ഥലവും ഉൾപ്പെടുത്തിയാണ് ആധാരത്തിൽ ചേർത്തിട്ടുള്ളത് എന്നും വശം അളവുകൾ ചേർത്തിരുന്നില്ലെന്നും കൂടാതെ, 04.72 ആർ സ്ഥലത്തിന് വില്ലേജ് റിക്കാർഡ് പ്രകാരം കരം അടച്ചിരുന്ന സ്ഥലം ശ്രീ. ഷൈജു ആൻറണി പേർക്ക് പോക്കുവരവ് ചെയ്തിരുന്നില്ലെന്നും എറണാകുളം ജില്ലാ കളക്ടറുടെ പ്രതിനിധി ഹിയറിംഗ് വേളയിൽ അറിയിച്ചു. ജോസഫ് വിളങ്ങാടൻ നൽകിയ പരാതിയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി താലൂക്ക് സർവ്വേയർ നടത്തിയ സ്ഥലപരിശോധനയിൽ ടി വസ്തു നടമ വില്ലേജ് ബ്ലോക്ക് നമ്പർ 330 റീ സർവ്വെ നമ്പർ 2 ൽ ഉൾപ്പെട്ടു വരുന്നതും മഹസ്സർ പ്രകാരം അളന്നു പരിശോധിച്ചതിൽ നിന്നും മഹസ്സർ സ്കെച്ച് പ്രകാരമുള്ള അളവുകൾക്ക് പടിഞ്ഞാറുവശം 19.8 എന്നത് 18.7 ആയതൊഴികെ മറ്റ് വ്യത്യാസങ്ങളൊന്നും തന്നെ ഇല്ലാത്തതും ടി വസ്തുവിന് 03.89 ആർ വിസ്തീർണ്ണമാണുള്ളതെന്നും 1206/99 നമ്പർ പ്രമാണത്തിൽ തെക്കുവശം 16 ലിങ്ക്സ് വഴിയുൾപ്പെടെ 6.12 ആർ എന്നാണ് വിവരിച്ചിരിക്കുന്നതെന്നും അതിനെ അടിസ്ഥാനമാക്കി ടി വഴിയുടെ വിസ്തീർണ്ണം കണക്കാക്കിയതിൽ നിന്നും, ആയത് 0.83 ആർ വിസ്തീർണ്ണമുള്ളതായും അപ്രകാരം 4.72 ആർ വസ്തുവിൽ വഴിക്കു പോയ 0.83 ആർ കിഴിച്ച് 03.89 ആർ വസ്തു മാത്രമേ യഥാർത്ഥത്തിൽ അവശേഷിക്കുന്നുള്ളുവെന്നും എന്നാൽ മഹസ്സർ തയ്യാറാക്കിയ സമയത്ത് വഴിയുൾപ്പെടെ

4.72ആർ എന്ന് വിസ്തീർണ്ണം കണക്കാക്കിയത് തെറ്റായി രേഖപെടുത്തിയതാകാം എന്നും പ്രസ്തുത വസ്തുവിലേയ്ക്ക് ഇപ്പോൾ ടാറിട്ട മുനിസിപ്പാലിറ്റി റോഡ് ആയിട്ടുണ്ടെന്നും ആയതിന്റെ ഫലമായി ടി വസ്തുവിന്റെ വില കൂടിയിട്ടുണ്ടെന്നും എറണാകുളം ജില്ലാ കളക്ടറുടെ പ്രതിനിധി ഹിയറിംഗ് വേളയിൽ അറിയിച്ചു. ലേലം കൊണ്ട വസ്തുവിന്റെ വിസ്തീർണ്ണത്തിലുള്ള വ്യത്യാസം സംബന്ധിച്ച വിശദമായ റിപ്പോർട്ട് പരാമർശം (3) പ്രകാരം എറണാകുളം ജില്ലാ കളക്ടർ ലഭ്യമാക്കിയിരുന്നു.

4) ശ്രീ.ഷൈജു ആന്റണിയുടെ പേരിൽ നടമ വില്ലേജിൽ മുൻ സർവ്വേ 1410/2 റീസർവേ 330/2 ൽപ്പെട്ട 04.72 ആർ ഭൂമിക്ക് സ്കെച്ച് മഹസർ 22/07/2024 തീയതിയിൽ തയ്യാറാക്കിയിട്ടുള്ളതാണ്. നടമ വില്ലേജിലെ പഴയ BTR പ്രകാരം റീ സർവ്വേ 1410/2-ൽ പെട്ട ഭൂമിക്ക് 29.09 ആർ വിസ്തീർണ്ണം ഉണ്ടായിരുന്നതാണ്. അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പ്രകാരം TP 308 നമ്പർ തണ്ടപ്പേരും പടി പഴയ സർവ്വേ നമ്പറിൽ പെട്ട ടി ഭൂമി അമ്പാട്ട് ശാരദാമ്മ രാജകുമാരി അമ്മ പേരിൽ കൊണ്ട് കിടക്കുന്നതാണ്. ടി TP 308 നമ്പർ തണ്ടപ്പേർ രജിസ്റ്റർ വില്ലേജ് ഓഫീസിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അതിൽ നിന്നുമുള്ള പോക്ക് പരിശോധിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. 2014 വർഷത്തിലാണ് നടമ വില്ലേജിൽ റീസർവേ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. നാളത് സ്ഥലപരിശോധന നടത്തിയതിൽ 22/07/2024 തീയതി സ്കെച്ച് മഹസർ തയ്യാറാക്കിയ വസ്തുവിന്റെ വടക്ക്കിഴക്ക് ഭാഗം വ്യക്തമായ അതിരടയാളങ്ങൾ ഇല്ലാതെ ചതുപ്പായ അവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്.

5) മേൽ വസ്തുവിൽ 2014 തീയതിയിലെ സ്കെച്ച് മഹസർ പ്രകാരമുള്ള തെക്ക് പടിഞ്ഞാറ് ഭാഗത്തുള്ള F Line അളവുകൾ ഭൂമിയിൽ ലഭ്യമായിട്ടുള്ളതും എന്നാൽ വടക്ക് കിഴക്ക് അതിരുകൾ സന്ധിക്കുന്ന ഭാഗത്ത് വ്യക്തമായ അതിർ അടയാളമോ നാച്ചറൽ ബൗണ്ടറി എന്നിവയോ ഭൂമിയിൽ ഇല്ലാത്തതിനാലും, പ്രസ്തുത ഭാഗം ചതുപ്പായിട്ടുള്ളതിനാലും, വശ അളവ് ഭൂമിയിൽ വ്യക്തമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. കൂടാതെ താലൂക്ക് സർവ്വേയറുടെ 06/02/2024ലെ റിപ്പോർട്ടിനോട് അനുബന്ധമായി സമർപ്പിച്ച സർവ്വേ സ്കെച്ചിൽ മേൽ പരാമർശിച്ച ഭൂമിയുടെ പടിഞ്ഞാറ് 18.7 മീറ്റർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ സ്കെച്ച് മഹസ്സറിൽ പരാമർശിച്ച പ്രകാരമുള്ള 19.8 മീറ്റർ ഭൂമി ഉള്ളതായി കാണുന്നു.

6) തൃപ്പൂണിത്തുറ സബ് രജിസ്ട്രാർ ഓഫീസിലെ 1206/99 നമ്പർ ആധാരപ്രകാരം തെക്കുവശം 18 ലിങ്ക്സ് വീതിയിൽ വഴി സ്ഥലം ഉൾപ്പെടെ 05.54 ആർ ഭൂമിയാണ് സർവ്വേ 1410/2 ൽ സിദ്ധിച്ചിട്ടുള്ളത് എന്ന് വിവരിച്ചിട്ടുള്ളത്. അതിനെ അടിസ്ഥാനമാക്കി വഴിയുടെ വിസ്തീർണ്ണം കണക്കാക്കിയതിൽ നിന്നും അതിന് 0.82 ആർ വിസ്തീർണ്ണം ഉള്ളതായി കാണുന്നു. അപ്രകാരം ആധാരം സിദ്ധിച്ച 05.54 ആർ വസ്തുവിൽ നിന്നും വഴിക്ക് പോയ 0.82 ആർ വിസ്തീർണ്ണം കിഴിച്ച് ബാക്കി 04.72 ആർ വിസ്തീർണ്ണത്തിൽ നിന്നുമാണ് മഹസർ തയ്യാറാക്കിയിട്ടുള്ളത് എന്ന് അനുമാനിക്കുന്നു. മേൽ സ്കെച്ച് മഹസർ തയ്യാറാക്കുന്ന വേളയിൽ ലഭ്യമായ അതിരളവുകൾ പ്രകാരമുള്ള വിസ്തീർണ്ണം കണക്കാക്കിയപ്പോൾ മേൽ പരാമർശിച്ച വഴിക്ക് പോയ 0.82 ആർ വിസ്തീർണത്തിൽ കുറവ് വരുത്തി 04.72 ആർസ് വിസ്തീർണം മഹസറിൽ രേഖപ്പെടുത്തിയത് ക്ലറിക്കൽ പിശകാണെന്ന് കാണുന്നു. മഹസർ പ്രകാരമുള്ള അളവുകളിലെ വിസ്തീർണത്തിൽ കുറവുണ്ടാകാനുള്ള സാഹചര്യം ഇതാണെന്ന് നടമ വില്ലേജ്

ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി താലൂക്ക് സർവ്വേയർ 21/08/2025 ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പരാതിക്ക് ആസ്പദമായ വസ്തു നടമ വില്ലേജിൽ ബ്ലോക്ക് നമ്പർ 330 റീസർവ്വേ 2 ൽ ഉൾപ്പെട്ടു വരുന്നതാണെന്നും, റീസർവ്വേ റിക്കാർഡുകളുടെയും, പരാതിക്കാർക്ക് അവകാശം ലഭിച്ചിട്ടുള്ള പ്രമാണത്തിന്റെയും, ടി ലേലം കൊണ്ട സ്കെച്ച് മഹസർ എന്നിവയുടെയും അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ചതിൽ അപേക്ഷകന്റെ കൈവശമുള്ള വസ്തു നാളിതു കൈവശം പ്രകാരം റീസർവ്വേ 330/2, 6 എന്നിവയിൽ ചേർന്നുവരുന്നു. കൂടാതെ, അത് ടി ലേല സർട്ടിഫിക്കറ്റിലെ സ്കെച്ചിലെ അളവുകളുമായി ചേർന്നു വരുന്നതും ആകുന്നു. എന്നാൽ റീസർവ്വേ 330/6 എന്നത് സംസ്ഥാന സർക്കാർ നാളിതു റോഡ് എന്ന് കാണുന്നു. നാളിതു കൈവശം പ്രകാരം ടി സ്ഥലം അളന്നു പരിശോധിച്ചതിൽ അതിന്റെ വിസ്തീർണ്ണം റീസർവ്വേ 330/2 ൽ 03.89 ആർസും റീസർവ്വേ 330/6 ൽ 00.09 ആർസും കൂടി ആകെ 0 3.98 ആർ ഉള്ളതായി കാണുന്നു. അതായത്, ടി സ്കെച്ച് മഹസറിൽ ഉള്ളതിനേക്കാൾ 00.74 ആർ സ്ഥലം കുറവുള്ളതായി കാണുന്നു എന്ന് സ്കെച്ച് സഹിതം താലൂക്ക് സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു. എന്നാൽ 330/6 റീസർവെ റിക്കാർഡുകൾ പ്രകാരം നാളത് പുറമ്പോക്ക് എന്ന് കാണുന്നതായി സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാളത് റോഡായി കിടക്കുന്ന റീസർവ്വേ 330/6 ൽ പെട്ട വസ്തുക്കൾ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ NOC ലഭിച്ചാൽ മാത്രമേ റിക്കാർഡുകളിൽ മാറ്റം വരുത്തി ഹർജിക്കാരന്റെ പേരിൽ റിക്കോർഡുകൾ തയ്യാറാക്കുവാൻ കഴിയൂ എന്നും താലൂക്ക് സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ , ശ്രീ.ജോസഫ് വിളങ്ങാടൻ നടമ വില്ലേജിൽ സർവ്വേ നമ്പർ 1410/2 (റീ സർവ്വേ നമ്പർ 330/2) ൽ പ്പെട്ട 04.72 ആർസ് വസ്തുവിനാണ് 60,03,000/- രൂപയ്ക്ക് ലേലം കൊണ്ടത് എന്നത് പരിഗണിച്ചും 04.72 വസ്തുവിൽ 3.894 ആർസ് ഭൂമി മാത്രമേ അപേക്ഷകന് നൽകിയിരുന്നുള്ളൂ എന്ന വസ്തുത കണക്കിലെടുത്തും, കുറവ് വന്ന 0.82 ആർസ് ലേലവസ്തുവിന്റെ ലേല സമയത്തെ തുകയും പലിശയും ശ്രീ.ജോസഫ് വിളങ്ങാടന് തിരികെ നൽകുന്നതിനും, പ്രസ്തുത തുക കുടിശ്ശികക്കാരനായ ശ്രീ. ഷൈജു ആൻറണിയുടെ കുടിശ്ശിക തുകയായി പരിഗണിച്ച് ഈടാക്കുന്നതിനും എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

8) ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലത എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോസഫ് വിളങ്ങാടൻ, S/o വർഗ്ഗീസ് ജോസഫ് , വിളങ്ങാടൻ ഹൌസ്, എൽ ബി എസ് റോഡ്, എയിംസ് പി. ഒ., എറണാകുളം- 682 014.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ജില്ലാ കളക്ടർ, എറണാകുളം.

ശ്രീ. ഷൈജു ആന്റണി, കോറോത്ത് വീട്, കണയന്നൂർ (ജില്ലാ കളക്ടർ മുഖേന)

നിയമ വകുപ്പ് (28.01.2026 ലെ OPN-G2/278/2025-LAW പ്രകാരം)

ധനകാര്യ, വകുപ്പ്(16.03.2026 ലെ 3443724/EXP-D1/154/2026-FIN പ്രകാരം)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Misha C P

സെക്ഷൻ ഓഫീസർ Date: 04-04-2026 18:50:05

ബഹു. റവന്യൂ വകുപ്പ സെക്രട്ടറിയുടെ പി.എയ്ക്ക്.

റവന്യൂ (എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി. എയ്ക്ക്.

റവന്യൂ(എച്ച്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.